## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3935** **19-03-2018 ൽ മറുപടിക്ക്**

## ഭൂമി കയ്യേറ്റം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടി

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തുടനീളം നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലത്ത് എവിടെയെല്ലാം ഭൂമി കയ്യേറ്റം നടത്തിയിട്ടുണ്ട് എന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(എ) സംസ്ഥാനത്തുടനീളം നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | റിപ്പോർട്ട ചെയ്യപ്പെട്ട കയ്യേറ്റ കേസു കളുടെ എണ്ണം | ഒഴിപ്പിച്ച കേസുകളുടെ എണ്ണം | ഒഴിപ്പിച്ച വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| തിരുവനന്തപുരം | 83 | 56 | 3.59.78 |
| കൊല്ലം | 101 | 51 | 0.47.25.H |
| പത്തനംതിട്ട | 33 | 5 | 1.29.03 H |
| ആലപ്പുഴ | 97 | 18 | 1.62.50 H |
| കോട്ടയം | 16 | 6 | 0.02.80.H |
| ഇടുക്കി | 115 | 61 | 179.69.52 |
| എറണാകുളം | 169 | 22 | 2.46.71 H |
| തൃശ്ശൂർ | 70 | 25 | 0.22.75 H |
| പാലക്കാട് | 511 | 259 | 1.42.36 |
| മലപ്പുറം | 43 | 27 | 3.31.37 (H) |
| കോഴിക്കോട് | 39 | 5 | 0.1709 |
| വയനാട് | 95 | 62 | 1.3882 |
| കണ്ണൂർ | 35 | 3 | 0.0735 (H) |
| കാസർഗോഡ് | 70 | 5 | 0.8744 |
| **ആകെ** | **1477** | **605** | **196.6477** |

(ബി) ഇപ്രകാരം കയ്യേറിയ ഭൂമി ഒഴിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957 ലെ കേരള ഭൂസംരക്ഷണ നിയമം, 1958 ലെ ഭൂസംരക്ഷണ ചട്ടം, 2009 ലെ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കർശനമായി തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും വില്ലേജ്-താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുഅവധി ദിവസങ്ങളിൽകൂടി പ്രവർത്തിക്കുന്നുണ്ട്. ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിലേയ്ക്കായി ജില്ലാതലത്തിൽ അവലോകന യോഗവും നടത്തി വരുന്നുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശങ്ങളും ആവശ്യമായ സഹായ സഹകരണങ്ങളും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**